**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് — പഞ്ചായത്ത് ജീവനക്കാര്യം — കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് മുൻ ജൂനിയർ സൂപ്രണ്ട് ശ്രീ. ടി.കെ. ഷൺമുഖനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി — തീർപ്പാക്കി — ഉത്തരവ് പുറപ്പെടുവിക്കുന്നു.

===================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.618/2018/തസ്വഭവ    തീയതി, തിരുവനന്തപുരം, 05.03.2018

===================================================================

പരാമർശം:
1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 04.07.2009-ലെ ഇ 5-(എസ് സി 1/09/ഇആർകെ) 1929/09 നമ്പർ കത്ത്
2. വിജിലൻസ് (ഇ) വകുപ്പിന്റെ 05.01.2010-ലെ 6312/ഇ 1/09/വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 20.09.2010-ലെ 2678/ഇപിബി2/2010/തസ്വഭവ നമ്പർ കുറ്റപത്രം
4. ശ്രീ. ടി.കെ. ഷൺമുഖൻ സമർപ്പിച്ച 26.11.2010-ലെ പ്രതിവാദ പത്രിക
5. പഞ്ചായത്ത് ഡയറക്ടറുടെ 18.07.2014, 12.08.2016 എന്നീ തീയതികളിലെ ഡി5-32233/2010 നമ്പർ കത്ത്

**ഉത്തരവ്**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1), (2) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. അന്വേഷണത്തിൽ കെട്ടിടനികുതി നിർണ്ണയത്തിൽ ക്രമക്കേടുകൾ നടത്തി എന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ അക്കാലയളവിൽ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന ജൂനിയർ സൂപ്രണ്ട് ശ്രീ. ടി.കെ. ഷൺമുഖനെതിരെ പരാമർശം (3) പ്രകാരം ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി. എന്നാൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ ടിയാൻ 31.01.2008-ൽ സേവനത്തിൽ നിന്ന് വിരമിച്ചതായി സൂചിപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ഷൺമുഖൻ സേവനത്തിൽ നിന്ന് വിരമിക്കുന്നതിന് മുമ്പ് ശ്രീ. ഷൺമുഖനെതിരെ കെ.സി.എസ്. (സിസി&എ) ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ലായിരുന്നതിനാൽ കെഎസ്ആർ പാർട്ട് 3 ചട്ടം 3(ബി) പ്രകാരമായിരുന്നു നടപടികൾ സ്വീകരിക്കേണ്ടിയിരുന്നത്. എന്നാൽ ടിയാൻ സേവനത്തിൽ നിന്ന് വിരമിച്ച് 4 വർഷം കഴിഞ്ഞതിനാൽ ഇനി മേൽപ്പറഞ്ഞ ചട്ടപ്രകാരം നടപടി സ്വീകരിക്കുക സാധ്യമല്ല. പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടില്ലെങ്കിൽ ഇനി കെ.എസ്.ആർ. പാർട്ട് 3 ചട്ടം 59(ബി) പ്രകാരമുള്ള നടപടികൾ മാത്രമാണ് സാധ്യമാകുന്നത്. എന്നാൽ പെൻഷനിൽ നിന്നും നിശ്ചിത തുക സ്ഥിരമായി കുറവ് ചെയ്യാൻതക്ക ഗൗരവകരമായ കുറ്റം ശ്രീ. ഷൺമുഖൻ ചെയ്തതായി കാണുന്നില്ല. കൂടാതെ ആരോപിക്കപ്പെട്ട ക്രമക്കേടുകൾ വഴി സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്നും

പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ സേവനത്തിൽ നിന്നും വിരമിച്ച ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് മുൻ ജൂനിയർ സൂപ്രണ്ട് ശ്രീ. ടി.കെ. ഷൺമുഖനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. ടി.കെ. ഷൺമുഖൻ, ജൂനിയർ സൂപ്രണ്ട് (റിട്ട), ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിജിലൻസ് വകുപ്പ് (യു.ഒ. റിമാർക്സ് നം.10544/ഇ 1/16/വിജി. തീയതി 18.10.2016 പ്രകാരം)
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (26878/ഇപിബി2/2010/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ